## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5838** 07.07.2014- ലെ മറുപടിക്ക്

### ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ. റ്റി. ജോർജ്:**<br>**ശ്രീ. പി. എ. മാധവൻ:**<br>**ശ്രീ. കെ. ശിവദാസൻ നായർ:**<br>**ശ്രീ. എം. പി. വിൻസെന്റ്:** | **ശ്രീ. കെ. സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)** |
| (എ) മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡ് ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ തയ്യാറാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന്; വിശദമാക്കുമോ; | (എ) ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ തയ്യാറാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കാലാവസ്ഥ, ഭൂമിയുടെ ഘടന, ഭൂവിനിയോഗം, വൈവിദ്ധ്യമാർന്ന മണ്ണുകൾ എന്നിവയെ അടിസ്ഥാനമാക്കി സംസ്ഥാനത്തൊട്ടാകെ കാർഷിക ജൈവ വ്യവസ്ഥാ വിശകലന പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ പ്രധാനമായും അഞ്ച് കാർഷിക ജൈവവ്യവസ്ഥാ മേഖലകളായും ഇരുപത്തി മൂന്ന് കാർഷിക ജൈവ വ്യവസ്ഥാ യൂണിറ്റുകളായും വിഭജിച്ചിട്ടുണ്ട്. കാർഷിക ജൈവ വ്യവസ്ഥ മേഖലയുമായി ബന്ധപ്പെട്ട് കർഷകരുടെ നൂതന രീതികളെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ 14 കൃഷി വിഞ്ജാന കേന്ദ്രങ്ങളുമായി സഹകരിച്ച് ഒരു സംരംഭം സംസ്ഥാന ആസൂത്രണ ബോർഡ് ആവിഷ്കരിക്കുകയുണ്ടായി. ഈ പദ്ധതിയിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിൽ ലഭ്യമായ കർഷകരുടെ കണ്ടുപിടിത്തങ്ങൾ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വിശദമായ ചർച്ചകളും, അവലോകനങ്ങളും വിദഗ്ധരുമായി ചർച്ചകൾക്കും, |

സെമിനാറുകൾക്കും ശേഷം ഉരുത്തിരിഞ്ഞുവന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. ഇവയിൽ തെരഞ്ഞെടുത്തവ സംസ്ഥാനതല ശില്പശാലയിൽ അവതരിപ്പിക്കുകയുണ്ടായി. പല കണ്ടുപിടിത്തങ്ങളും വർഷങ്ങളുടെ ശ്രമഫലമായി നടത്തിയതും കാർഷികമേഖലയ്ക്ക് വളരെ പ്രയോജനപ്പെടുന്നവയുമാണ്. ഈ പഠനത്തിന്റെ അടുത്ത ഘട്ടമായി വിവിധ കാലഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞു വന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീ കരിക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പ്രോജക്ടിന്റെ രണ്ടാം ഘട്ടമായി കൃഷിയിലെ നൂതന രീതികളുടെ ചരിത്രമാനങ്ങൾ, കൃഷിയുടെ ചരിത്രം, കാർഷിക ജൈവ വ്യവസ്ഥാ വികസനം എന്നിവ വിശദമാക്കുന്ന ഒരു രേഖ തയ്യാറാക്കുന്നതിനാണ് സംസ്ഥാന ആസൂത്രണ ബോർഡ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**(സി)** പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ വിശദ മാക്കുമോ;

**(സി)** പദ്ധതി ആരംഭ ദിശയിലാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഏജൻസികൾ, ഗവേഷകർ, വിദഗ്ദ്ധർ എന്നിവരുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്ന തിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിവിധ പഠനങ്ങളുടെ അവലോകനം പ്രാരംഭഘട്ടത്തിലാണ്.

**(ഡി)** ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

**(ഡി)** സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി തയ്യാറാക്കുന്നത്. പഠനത്തിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും ഏകോപനത്തി നുമായി ഒരു ഉപദേശകസമിതിക്ക് രൂപം നല്കുന്നതാണ്.

സെക്ഷൻ ഓഫീസർ